**കേരള സർക്കാർ**

<u>സംഗ്രഹം</u>

**തദ്ദേശസ്വയംഭരണ വകുപ്പ് - 2019 ലെ മഴക്കെടുതി - സംസ്ഥാനത്തൊട്ടാകെ കാലാവർഷക്കെടുതി മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾ - ദുരിതാശ്വാസ നടപടികൾ സ്വീകരിക്കുന്നതിനുള്ള ക്രമീകരണങ്ങൾ - നിർദ്ദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**തദ്ദേശസ്വയംഭരണ (ഇപിഎ)വകുപ്പ്**

സ.ഉ.(സാധാ) നം. 1735/2019/തസ്വഭവ തീയതി, തിരുവനന്തപുരം, 09/08/2019.

---

**<u>ഉത്തരവ്</u>**

സംസ്ഥാനത്ത് ഒട്ടാകെ കാലവർഷക്കെടുതി മൂലം നാശനഷ്ടങ്ങൾ ഉണ്ടാകുന്ന സാഹചര്യത്തിൽ ദുരിതാശ്വാസ നടപടികൾ സ്വീകരിക്കുന്നതിന് ചുവടെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. അടിയന്തിര സാഹചര്യങ്ങൾ ഒഴികെ അവധിയിൽ പ്രവേശിച്ചിരിക്കുന്ന എല്ലാ ഉദ്യോഗസ്ഥരുടെയും അവധി റദ്ദ് ചെയ്ത് ഉത്തരവാകുന്നു. പ്രസ്തുത ഉദ്യോഗസ്ഥർ അടിയന്തിരമായി ജോലിയിൽ പുനഃപ്രവേശിക്കുകയും 10, 11, 12 എന്നീ അവധി ദിവസങ്ങൾ ഉൾപ്പടെ ജോലിക്ക് ഹാജരാകേണ്ടതാണെന്ന് പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ സർവ്വാത്മന പങ്ക് ചേരേണ്ടതാണെന്നും നിർദ്ദേശിക്കുന്നു.

2. ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി ദുരിതാശ്വാസ ക്യാമ്പുകളിൽ പുനരധിവസിപ്പിച്ചിരിക്കുന്ന ദുരിതാശ്വാസ ക്യാമ്പിലെ അഭയാർത്ഥികൾക്ക് ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുന്നതിനും ആവശ്യമായ സാനിട്ടറി സൗകര്യങ്ങൾ ഒരുക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. മഴക്കെടുതിയിലും വെള്ളപ്പൊക്കത്തിലും പെട്ട് വീടുകളിലും മറ്റ് കെട്ടിടങ്ങളിലും കുടുങ്ങിപോയിട്ടുള്ള ആൾക്കാർക്ക് ഭക്ഷണ സാധനങ്ങൾ എത്തിക്കുന്നതിന് അതത് പ്രസിഡന്റ്/ചെയർമാൻ/മേയർ/സെക്രട്ടറി എന്നിവർ നേതൃത്വം വഹിക്കുന്നതാണ്.

4. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയും ജീവനക്കാരും ദുരന്ത നിവാരണ/ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ വ്യാപൃതരാകേണ്ടതാണ്. ഇത് ഡ്യൂട്ടിയുടെ ഭാഗ

മായി തന്നെ പരിഗണിക്കുന്നതാണ്. അതീവ അടിയന്തിര ഘട്ടങ്ങളിലല്ലാതെ ജീവനക്കാർക്ക് അവധി അനുവദിക്കുന്നതല്ല.

5. ദുരന്ത നിവാരണത്തിന്റെ ഭാഗമായി ജനങ്ങളെ മാറ്റി പാർപ്പിക്കുന്നതിന് സൗകര്യപ്രദമായ ഹാളുകൾ കണ്ടെത്തി മാറ്റി പാർപ്പിക്കുന്നതിന് റവന്യു അധികാരികളെ സഹായിക്കുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തുന്നു.

6. ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ നടത്തുന്ന ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ പൂർണ്ണമായ പങ്കാളിത്തവും സഹകരണവും ലഭ്യമാക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരും മേധാവികളും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

7. ഒറ്റപ്പെട്ടുപോയ സ്ഥലങ്ങളിൽ നിന്ന് തദ്ദേശവാസികളെ രക്ഷപ്പെടുത്തുവാൻ ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യുന്നതിന് ജില്ലാകളക്ടർ നൽകുന്ന നിർദ്ദേശങ്ങളോട് പൂർണ്ണമായ പങ്കാളിത്തവും സഹകരണവും ലഭ്യമാക്കുവാൻ തദ്ദേശസ്വയംഭരണ മേധാവികളും ഉദ്യോഗസ്ഥരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

8. മഴക്കാല ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി ദുരിതബാധിത പ്രദേശങ്ങളിൽ ഗുരുതരമായ സാംക്രമിക രോഗങ്ങൾ, പകർച്ചവ്യാധികൾ എന്നിവ തടയുന്നതിനനും ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും അടിയന്തിര സാഹചര്യങ്ങളിൽ അത്യാവശ്യമായ തുക ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകുന്നു.

9. പ്രളയക്കെടുതിയോടനുബന്ധിച്ചുള്ള പുനരധിവാസ നടപടികൾ ത്വരിതപ്പെടുത്തുന്നതിന് ലഘു ഉപകരണങ്ങളോ, സാധനങ്ങളോ വാങ്ങുന്നതിന് ഇലക്ട്രീഷ്യൻ/പ്ലംബർ എന്നിവരുടെ സേവനങ്ങൾ പ്രയോജനപ്പെടുത്തുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് തനത് ഫണ്ടിൽ നിന്നോ, തനത് ഫണ്ടിന്റെ അഭാവത്തിൽ പ്ലാൻ ഫണ്ടിൽ നിന്നോ ഒറ്റത്തവണ മാത്രം ചെലവഴിക്കുന്നതിന് അനുമതി നൽകുന്നു.

10. കാലവർഷക്കെടുതിയുടെ ഭാഗമായുള്ള ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അടിയന്തിരമായി ചില പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കേണ്ട സാഹചര്യം നിലവിലുണ്ട്. ആയതിനാൽ നിലവിലുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ച് പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ ഉത്തരവാകുന്നു.

11. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് താഴെപ്പറയുന്ന പ്രവൃത്തികൾ അടിയന്തിര സ്വഭാവത്തോടെ ഏറ്റെടുത്ത് നടപ്പാക്കാവുന്നതാണ്.

i. ആശുപത്രികൾ കൈമാറി ലഭിച്ചിട്ടുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, പിഎച്ച്സി/സിഎച്ച്സി/താലൂക്ക്/ജില്ല/ജനറൽ ആശുപത്രികളിലേയ്ക്ക് അടിയന്തിരമായി ആവശ്യമായ മരുന്ന് വാങ്ങൽ, കെ.എം.എസ്.സി, കാരുണ്യ, നീതി മെഡിക്കൽ സ്റ്റോർ, ജെൻ ഔഷധി എന്നിവിടങ്ങളിൽ നിന്നും വാങ്ങാവുന്നതാണ്.

ii. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള പൊതു കുടിവെള്ള സ്രോതസ്സുകൾ ഉപയോഗ ശൂന്യമാണെങ്കിൽ അവ പ്രവർത്തന യോഗ്യമാക്കുന്നതിന് വേണ്ടി ശുദ്ധീകരണത്തിനായി ഒറ്റത്തവണത്തേയ്ക്ക് തുക ചെലവാക്കാവുന്നതാണ്.

iii. ഒറ്റപ്പെട്ടുപോയ സ്ഥലങ്ങളിൽ നിന്നും തദ്ദേശവാസികളെ രക്ഷപ്പെടുത്തുന്നതിന് ആവശ്യമായ ക്രമീകരണം ചെയ്യാൻ തുക ചെലവഴിക്കാവുന്നതാണ്. അടിയന്തിര ഘട്ടങ്ങളിൽ ജനറേറ്ററുകൾ വാടകയ്ക്കെടുക്കൽ, വെളിച്ചം നൽകുന്നതിനുള്ള സംവിധാനങ്ങൾ, മറ്റ് രക്ഷാഉപകരണങ്ങൾ വാടകയ്ക്കെടുക്കൽ, തൊഴിലാളികൾക്ക് ആവശ്യമായ പ്രതിഫലം നൽകൽ എന്നിവയ്ക്കും തുക ചെലവഴിക്കാവുന്നതാണ്.

iv. സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ള വിവിധ വകുപ്പുകൾ/ഏജൻസികൾ നടത്തുന്ന പ്രവർത്തനങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇടപെടേണ്ടതില്ല. എന്നാൽ ഇങ്ങനെ ആരെയും ചുമതലപ്പെടുത്താത്ത മേഖലകളിൽ ആവശ്യമായ ഇടപെടൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുൻകൈ എടുത്ത് നടത്താവുന്നതാണ്. അതിനായി തുക ചെലവഴിക്കാവുന്നതാണ്.

v. തടസ്സപ്പെട്ട റോഡുകൾ, രക്ഷാപ്രവർത്തനം സുഗമമാക്കുന്നതിന് വേണ്ടി സഞ്ചാരയോഗ്യമാക്കുന്നതിന് തുക ചെലവഴിക്കാവുന്നതാണ്. നടപ്പാക്കുന്ന ഇത്തരം പ്രവർത്തനങ്ങൾക്ക് ബന്ധപ്പെട്ട എ.ഇ., എ.ഇ.ഇ. എന്നിവർ മേൽനോട്ടം വഹിക്കേണ്ടതാണ്.

vi. അടിയന്തിര സ്വാഭാവത്തോടെ ഇത്തരം പ്രവൃത്തികൾ നടപ്പാക്കേണ്ട സാഹചര്യമുള്ളതുകൊണ്ട് ഭരണസമിതി പെട്ടെന്ന് വിളിച്ച് ചേർക്കാൻ കഴിയില്ലെങ്കിൽ

തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അദ്ധ്യക്ഷൻ, വികസന സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ, സെക്രട്ടറി എന്നിവർ യോഗം ചേർന്ന് പ്രവൃത്തികൾ സംബന്ധിച്ച തീരുമാനമെടുക്കാവുന്നതാണ്. എന്നാൽ ഇതിനുശേഷം ചേരുന്ന ആദ്യ ഭരണ സമിതി യോഗത്തിൽ തീരുമാനങ്ങൾ അവതരിപ്പിച്ച് സാധൂകരണം തേടേണ്ടതാണ്.

vii. മേൽപ്പറഞ്ഞ പ്രവൃത്തികൾക്ക് കഴിയുന്നതും തനത് ഫണ്ട് തന്നെ ഉപയോഗിക്കേണ്ടതാണ്. എന്നാൽ തനത് ഫണ്ട് ആവശ്യത്തിന് ലഭ്യമല്ലാത്ത സഹാചര്യത്തിൽ വികസന ഫണ്ട് ഉപയോഗിക്കാവുന്നതാണ്. മരുന്ന് വാങ്ങൽ, അറ്റകുറ്റപ്പണികൾ മുതലായവയ്ക്ക് മെയിന്റനൻസ് ഫണ്ട് ഉപയോഗിക്കാവുന്നതാണ്. വികസന മെയിന്റനൻസ് ഫണ്ടുകൾ ഉപയോഗിക്കുകയാണെങ്കിൽ വാർഷിക പദ്ധതി ഇപ്പോൾ തന്നെ ഭേദഗതി ചെയ്ത് വിഹിതം കണ്ടെത്തേണ്ടതില്ല. സുലേഖ സോഫ്ട്‌വെയറിലെ "അടിയന്തിര സ്വഭാവത്തിൽ ഏറ്റെടുക്കുന്ന പ്രോജക്ടുകൾ" (ജി.ഒ. പ്രകാരമുള്ള പ്രോജക്ടുകൾ) എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി പ്രോജക്ടുകൾ തയ്യാറാക്കാവുന്നതാണ്. തനത് ഫണ്ട് ലഭ്യമല്ലെങ്കിൽ അത് സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

viii. പ്രോജക്ടുകൾക്ക് വെറ്റിംഗ് ആവശ്യമില്ല. നിർവ്വഹണ ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം മാത്രം മതിയാകും. ജില്ലാ ആസൂത്രണ സമിതിയുടെ മുൻകൂർ അനുമതിയും ആവശ്യമില്ല. എസ്റ്റിമേറ്റ് തയ്യാറാക്കേണ്ട പ്രവൃത്തികൾക്ക് ഇവ തയ്യാറാക്കി ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും സോഫ്ട്‌വെയറിലൂടെ അല്ലാതെ സാങ്കേതികാനുമതി വാങ്ങി നിർവ്വഹണ നടപടികൾ ആരംഭിക്കാവുന്നതാണ്. പ്രോജക്ടുകളുടെ ചെലവുകൾ വഹിക്കുന്നതിന് വേണ്ട ബില്ലുകൾ തയ്യാറാക്കുന്നതിനും ഇപ്പോൾ ലഭ്യമായ ഫണ്ടുപയോഗിച്ച് അത് ട്രഷറിയിൽ നിന്നും മാറുന്നതിനുമുള്ള ക്രമീകരണങ്ങൾ സുലേഖ സാംഖ്യ സോഫ്ട്‌വെയറുകൾ ഏർപ്പെടുത്തുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ടി.കെ. ജോസ്

അഡീഷണൽ ചീഫ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപന മേധാവികൾക്കും (വകുപ്പ് തലവൻ മുഖേന)
തദ്ദേശസ്വയംഭരണ ഇ.ഡ.ബ്ല്യു.വകുപ്പ്
ഡയറക്ടർ, സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ.), തിരുവനന്തപുരം
എക്സിക്യൂട്ടീവ് ചെയർമാൻ/ഡയറക്ടർ ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

അംഗീകാരത്തോടെ,

Danija MS

സെക്ഷൻ ഓഫീസർ

പകർപ്പ്
ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്